(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നവീകരണ പ്രക്രിയകൾ ഇതിനോടകം തന്നെ പൂർത്തിയായിട്ടുണ്ട്. പുതുക്കിയ 35 കോഴ്സുകളിലേക്കാണ് ഈ വർഷം ഒന്നാം വർഷ പ്രവേശനം നടന്നു കൊണ്ടിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദീർഘകാലമായി നിലവിലുണ്ടായിരുന്ന വൊക്കേഷണൽ വിഷയങ്ങളുടെ കരിക്കുലം, ആധുനിക സാങ്കേതിക വിദ്യകളുടെ വികാസവും തൊഴിൽ വിദ്യാഭ്യാസത്തിലെ .കാലികമായ മാറ്റങ്ങളും പരിഗണിച്ചുകൊണ്ട് മെച്ചപ്പെട്ട തൊഴിൽ വൈദഗ്ധ്യം ലഭ്യമാക്കി തൊഴിൽ ദാതാക്കൾ നിഷ്കർഷിക്കുന്ന നൈപുണ്യങ്ങൾ ആർജ്ജിക്കുന്നതിനും കൂടാതെ ഉപരിപഠന സാധ്യതകൾ വർദ്ധിപ്പിക്കുന്ന തരത്തിലുമാണ് നവീകരിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പാഠ്യപദ്ധതി നവീകരണത്തിന് കേന്ദ്ര സഹായങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. പൂർണ്ണമായും സംസ്ഥാന പദ്ധതി വിഹിതത്തിലാണ് ഇത് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) പാഠ്യപദ്ധതി നവീകരണത്തിന്റെ അവസാനഘട്ട പ്രവർത്തനങ്ങളും എസ്.സി.ഇ.ആർ.ടി.-യിൽ പൂർത്തിയായികഴിഞ്ഞു. ജൂൺ 23-ന് ചേർന്ന കരിക്കുലം കമ്മിറ്റി പുതുക്കിയ പാഠ്യപദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് മറ്റൊരു എയ്ഡഡ് ഹൈസ്കൂളിലേക്കുള്ള നിയമനം

25 (3748) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു എയ്ഡഡ് ഹൈസ്കൂളിൽ നിന്ന് ഡിവിഷൻ ഫാൾ മൂലമോ മറ്റ് കാരണങ്ങളാലോ ഒരു അദ്ധ്യാപകനെ മറ്റൊരു എയ്ഡഡ് ഹൈസ്കൂളിൽ പുതുതായി നിയമിക്കുമ്പോൾ അയാളുടെ മുൻ ശമ്പളവും മുൻകാല സർവ്വീസും ആനുകൂല്യങ്ങളും സംരക്ഷിച്ചുനൽകുമോ ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത്തരത്തിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകന്റെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) KER അദ്ധ്യായം XIV A ചട്ടം 52 പ്രകാരം തസ്തിക നഷ്ടം വന്ന പുറത്തുപോയാലോ സ്കൂളിന്റെ അംഗീകാരം നഷ്ടപ്പെട്ട് പുറത്തുപോയാലോ പുനർനിയമനം ലഭിക്കുമ്പോൾ മുൻശമ്പളാനുകൂല്യങ്ങൾ സംരക്ഷിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒരു യൂണിറ്റിലെ ഒരു ഗ്രേഡിലെ തുടർച്ചയായ സർവ്വീസ് മാത്രമേ KER അദ്ധ്യായം XIV A ചട്ടം 37-ലെ ഉപചട്ടം 1 പ്രകാരം സീനിയോറിറ്റിക്കായി പരിഗണിക്കപ്പെടുകയുള്ളൂ. എന്നാൽ ചട്ടം 37-ലെ പ്രൊവിസോ പ്രകാരം ചട്ടം 52 പ്രകാരം റിലീവ് ചെയ്യപ്പെട്ട ഒരു അദ്ധ്യപകന്റെ മാതൃസ്കൂളിലെയോ മറ്റ് സ്കൂളിലെയോ സർവ്വീസ് കാലയളവ് മാതൃസ്കൂളിൽ പുനർനിയമനം ലഭിച്ചശേഷം സീനിയോറിട്ടിക്കായി പരിഗണിക്കുന്നതാണ്. എന്നാൽ മറ്റൊരു സ്കൂളിൽ മാതൃസ്കൂളിലെ സർവ്വീസ് സീനിയോറിട്ടിക്കായി പരിഗണിക്കപ്പെടുകയില്ല.

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ തിരുത്തലുകൾ

26 (3749) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതിനും ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുമായി പരീക്ഷാഭവനിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചുവെന്നും വിശദമാക്കാമോ ;

(ബി) സർട്ടിഫിക്കറ്റുകളിൽ തെറ്റുകൾ കടന്നുകൂടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഇത്തരം തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 52,823 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എല്ലാ അപേക്ഷകളും തീർപ്പാക്കി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനായി ആകെ 13,201 അപേക്ഷകൾ ലഭിച്ചു. അതിൽ 11886 എണ്ണം തീർപ്പാക്കിയിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ജനനത്തീയതി, ജനന സ്ഥലം തുടങ്ങിയവ ജനനസർട്ടിഫിക്കറ്റ് പ്രകാരം തിരുത്തിക്കിട്ടുന്നതിനുവേണ്ടിയാണ് വളരെയധികം അപേക്ഷകളും പരീക്ഷാഭവനിൽ ലഭിക്കുന്നത്. സ്കൂൾ അഡ്മിഷൻ സമയത്ത് മാതാപിതാക്കൾ കുട്ടിയുടെ ജനനത്തീയതി ജനന സർട്ടിഫിക്കറ്റ് പ്രകാരമല്ല നൽകിയിട്ടുള്ളത് എന്നതിനാലാണ് തെറ്റുകൾ കടന്നുകൂടിയിരിക്കുന്നത്. മറ്റ് തെറ്റുകൾ തിരുത്തുന്നതിനുള്ള അപേക്ഷകൾ അപൂർവ്വമായിട്ടാണ് ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly